'മിഷൻ 676 '-ൽ ഉൾപ്പെടുത്തി ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഏകദേശം 9.6 ലക്ഷം ഗ്രണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി ജലനിധി 1550 ശുദ്ധജല വിതരണ പദ്ധതികൾ 'മിഷൻ 676 '-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂജലവകുപ്പ്, 859 ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ, 629 കൈപ്പമ്പ് പദ്ധതികൾ, 2044 കൈപ്പമ്പ് അറ്റകുറ്റപ്പണികൾ എന്നിവ മിഷൻ 676 മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കനാൽ റോഡ് നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക

208 (4494) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം കനാൽ റോഡ് നിർമ്മാണപദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്;

(സി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 4701-80-800-76-02 മൻഗണനാ പ്രവൃത്തികൾ എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ. കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കനാൽ റോഡുകൾക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര വലതുകര കനാൽ ഇൻസ്പെക്ഷൻ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 169 ലക്ഷം രൂപ 2014-15 വർഷത്തെ ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കുറ്റ്യാടി ജലസേചന പദ്ധതിയിൽ

1. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് -KYIP (RBMC)- ചെയിനേജ് 21/950 കി.മീറ്ററിനും 22/500 കി.മീറ്ററിനും ഇടയിൽ റോഡ് നിർമ്മാണം - 50 ലക്ഷം രൂപ.

2. മുട്ടോളി അംഗൻവാടി റോഡ് നിർമ്മാണം - 10 ലക്ഷം രൂപ.

3. കനാൽ സ്റ്റോപ്പ് - വാണിയേരിതാഴം റോഡ് - വാർഡ് നമ്പർ 12 - കക്കോടി - 15 ലക്ഷം രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാരാപ്പുഴ ജലസേചനപദ്ധതിയിൽ ഇടതുകര കനാൽ റോഡിന് 69 ലക്ഷം രൂപ, വലതുകര കനാൽ റോഡിന് 100 ലക്ഷം രൂപ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പരിഗണനയിലില്ല.

നൈപുണ്യം സമ്മിറ്റ്

209 (4495) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സമ്മിറ്റിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചു. ആധുനിക മേഖലയിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് നൈപുണ്യം സമ്മിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യം സമ്മിറ്റിന്റെ പ്രധാന ലക്ഷ്യം വ്യവസായ പങ്കാളികളുമായി ചേർന്ന് കൺസ്ട്രക്ഷൻ, സെക്യൂരിറ്റി, ടൂറിസം, ഓട്ടോമൊബൈൽ, റീട്ടെയിൽ, നഴ്സിംഗ്, ഓയിൽ & റിഗ്, ഹോസ്പിറ്റാലിറ്റി, മൾട്ടിസ്കിൽ, ഹൈടെക്-ഓട്ടോമേഷൻ & മെക്കട്രോണിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന അന്താരാഷ്ട്ര തലത്തിൽ വൈദഗ്ധ്യമുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly